ബി.ഐ.എഫ്.ആർ-ന്റെ പരിധിയിൽ വരുന്ന പീഡിത വ്യവസായമായ കെൽട്രോൺ കൗണ്ടേഴ്സിന് 1994-95-ൽ 98 ലക്ഷം രൂപയും 1995-96-ൽ 65 ലക്ഷം രൂപയും 1998-99-ൽ 55 ലക്ഷം രൂപയും 1999-2000-ൽ 95 ലക്ഷം രൂപയും നൽകി. കെൽട്രോൺ റെക്ടിഫൈയേഴ്സിന് 1994-95-ൽ 170 ലക്ഷം രൂപ നൽകി. കെൽട്രോൺ പവർ ഡിവൈസ്ഡ് ലിമിറ്റഡിന് ബി.ഐ.എഫ്. ആർ-ന്റെ നിർദ്ദേശപ്രകാരം 1995-96-ൽ 25 ലക്ഷം രൂപ നൽകുകയും 1997-98-ൽ 160 ലക്ഷം രൂപ ധനലക്ഷ്മി ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 60 ലക്ഷം രൂപ കെ.എസ്.ഇ.ഡി.സി. വഴിയും 100 ലക്ഷം രൂപ വ്യവസായ വാണിജ്യ ഡയറക്ടർ വഴിയുമാണ് നിക്ഷേപിച്ചിരിക്കുന്നത്. കെ.പി.ഡി.എൽ-ന് വി.ആർ.എസ് നടപ്പിലാക്കാൻ വേണ്ടി 1998-99-ൽ സർക്കാർ 321 ലക്ഷം രൂപ നൽകി. ഡിസ്കൽ ടെലിവിഷൻ ലിമിറ്റഡ്, മഞ്ചേരിക്ക് 1996-1997-ലും 1997-98-ലും 1.5 ലക്ഷം രൂപ വീതവും 1999-2000-ൽ 12 ലക്ഷം രൂപ ടി.ടി.പി.യിൽനിന്നും ഹ്രസ്വകാലവായ്പയും നൽകിയിട്ടുണ്ട്. കെൽട്രോൺ ക്രസ്റ്റൽസ് ലിമിറ്റഡ് 1998-99-ൽ 66 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) ധനസഹായം ലഭ്യമായവയിൽ കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ് ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(എഫ്) ഉണ്ട്. കെൽട്രോണിന്റെ പുനരുദ്ധാരണ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ ചർച്ചകൾ നടത്തിയിട്ടുണ്ട്.

22 (1248) കെൽട്രോൺ നേരിടുന്ന പ്രതിസന്ധി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ നേരിടുന്ന പ്രതിസന്ധി താത്കാലികമായി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) എന്തെല്ലാം ഉപകരണങ്ങളാണ് കെൽട്രോൺ ഇപ്പോൾ നിർമ്മിക്കുന്നത്;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ ഉപകരണങ്ങളാണ് കെൽട്രോൺ നിർമ്മിച്ചത്; ഇതുവഴി എന്തു വരുമാനമുണ്ടായി;

(ഡി) കെൽട്രോണിന്റെ സ്തംഭനം ഒഴിവാക്കാൻ ആവശ്യമായ തുക ഈ സ്ഥാപനത്തിന് അനുവദിക്കുമോ?

ഉത്തരം

(എ) കെൽട്രോണിന്റെ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുകയും, ബാദ്ധ്യതകൾ ഏറ്റെടുത്ത് പ്രവർത്തന മൂലധന വർദ്ധന ബാങ്കുകൾ അനുവദിക്കുകയും ചെയ്യുന്നതുവരെയുള്ള കാലയളവിൽ ഓർഡറുകൾ നടപ്പിലാക്കുവാൻ വേണ്ടി കേരളാ ഇൻഡസ്ട്രിയൽ റീവൈറ്റലൈസേഷൻ ഫണ്ടിൽ നിന്നും ഹ്രസ്വകാല വായ്പയായി ധനസഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) സ്റ്റീരിയോ കൺസോൾ, സി.ഡി. പ്ലെയർ, റ്റി.വി.ആർ.ഒ., ഡയറക്ട് റിസപ്ഷൻ സിസ്റ്റംസ്, സി.ഡി.റ്റി.വി., മുതലായ മാസ് കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, എക്കോ സൗണ്ടർ, ഇ.എം. ലോഗ്, അണ്ടർ വാട്ടർ ടെലിഫോൺ സിസ്റ്റം പ്രോസസർ സെയ്ഡ്സ് ഗ്രൗണ്ടു മൈനുകൾ, ആർ.ടി.യു., ആർ.എ.ഐ.

LIBRARY ARCHIVES Kerala Legislative Assembly

മുതലായ ഡിഫൻസ് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, അൺ ഇന്റർപ്റ്റഡ് പവർ സപ്ലൈ സിസ്റ്റം, ബാറ്ററി ചാർജറുകൾ, എ.സി./ഡി.സി. ഡ്രൈവുകൾ മുതലായ പവർ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ. ഇന്റലിജന്റ് ഡാറ്റാ കാപ്ച്ചർ യൂണിറ്റ്, സ്മാർട്ട് മൈക്രോ ടെർമിനൽ മുതലായ മൈക്രോ പ്രോസസ്സർ അധിഷ്ഠിത ഉപകരണങ്ങൾ, കൺട്രോൾ പാനലുകൾ, ഡി.ഡി.സി. സിസ്റ്റം, പി.എൽ.സി. സിസ്റ്റം, പവർ സിലിണ്ടറുകൾ, ട്രാൻസ്മിറ്റർ, അനലിറ്റിക്കൽ ഉപകരണങ്ങൾ മുതലായ കൺട്രോൾ ഇൻസ്ട്രുമെന്റേഷൻ ഉപകരണങ്ങൾ, റൂറൽ ഓട്ടോമാറ്റിക് എക്സ്ചേഞ്ച്, മെയിൻ ഓട്ടോമാറ്റിക് എക്സ്ചേഞ്ച്, ഇ.പി.എ.ബി.എക്സ്, ഒ.എൽ.റ്റി.ഇ, പി.സി.എം. മുതലായ കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, പ്രിന്റഡ് സർക്യൂട്ട് ബോർഡുകൾ, ട്രാഫിക് കൺട്രോളറുകൾ മുതലായവയാണ് കെൽട്രോൺ നിർമ്മിക്കുന്ന ഉപകരണങ്ങൾ.

(സി) 1998-99-ലെ കെൽട്രോണിന്റെ ഉത്പാദനം 34 കോടി രൂപയുടേതാണ്. ആകെ വിറ്റുവരവ് 38 കോടി രൂപയുടേതാണ്.

(ഡി) കെൽട്രോണിന്റെ സ്തംഭനം ഒഴിവാക്കുവാൻ ആവശ്യമായ തുക ഘട്ടംഘട്ടമായി അനുവദിക്കുന്നുണ്ട്.

23 (1249) ഹൈടെൻഷൻ ഉപഭോക്താക്കൾക്കുള്ള ചാർജ് വർദ്ധന

ശ്രീ. വി. ബാലറാം :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈയിടെ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതിന്റെ ഫലമായി വൈദ്യുതിയുടെ ഹൈടെൻഷൻ ഉപഭോക്താക്കളായ ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം;

(സി) ഇത്തരത്തിൽപ്പെടുന്ന ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ വർദ്ധിപ്പിച്ച വൈദ്യുതി ചാർജ്ജ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ എന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്പോഴത്തെ നിരക്ക് വർദ്ധനയുടെ ഫലമായി ഹൈടെൻഷൻ ഉപഭോക്താക്കളായ വ്യവസായ സ്ഥാപനങ്ങൾ പ്രതിവർഷം നൽകേണ്ടി വരുന്ന അധിക ചാർജ്ജ് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസായ സ്ഥാപനങ്ങളൊന്നും പൂട്ടിയതായി വിവരം ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി)&(ഡി) കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രി ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly